I മേശപ്പുറത്തുവച്ച കടലാസ്സുകൾ

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിമാർ ലിസ്റ്റ് I പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.

II റിപ്പോർട്ട് സമർപ്പണം

മി. സ്പീക്കർ : ശ്രീ കെ. എൻ. എ ഖാദറും ശ്രീ സി. പി മുഹമ്മദും റിപ്പോർട്ടുകൾ മേശപ്പുറത്തുവയ്ക്കേണ്ടതാണ്. *

ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

(പരിഗണിക്കപ്പെട്ടില്ല)

III പ്രമേയം

ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, "2015-16 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ വിഷയനിർണ്ണയ സമിതികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് വിഷയ നിർണ്ണയ സമിതികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ ഉപചട്ടം (2) ധനാഭ്യർത്ഥനകൾ പരിഗണിക്കുന്ന അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly